(സി) വിനോദസഞ്ചാരികളെ ആകർഷിക്കാൻ ഉതകുന്ന തരത്തിൽ ഇവിടെയുണ്ടായിരുന്ന കുട്ടികളുടെ പാർക്ക്, മ്യൂസിക് ഫൗണ്ടൻ, കൃത്രിമ വെള്ളച്ചാട്ടം തുടങ്ങിയവ പുനരുദ്ധരിക്കണമെന്ന ആവശ്യം നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) ഇവിടത്തെ വികസന പ്രവർത്തനം പൂർണ്ണമായി നടപ്പിലാക്കി ടൂറിസ്റ്റുകൾക്കായി എന്നുമുതൽ തുറന്നുകൊടുക്കാനാകും എന്ന് അറിയിക്കുമോ;

(ഇ) ഇവിടേക്ക് എത്താനുള്ള ഉള്ളൂർ-ആക്കുളം റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കാൻ ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ അടിയന്തര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ&ബി) ഡിറ്റിപിസി തിരുവനന്തപുരം മുഖേന ആക്കുളം വികസനത്തിനായി പുതിയ ഒരു പദ്ധതി നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

(സി&ഡി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(ഇ) ടൂറിസം വകുപ്പ് നിലവിൽ റോഡുകളുടെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്നില്ല.

മാലിന്യ നിർമ്മാർജ്ജനത്തിനും പരിസര ശുചീകരണത്തിനും സ്വീകരിച്ചിട്ടുള്ള നടപടികൾ

138 (430) ശ്രീ. സി. എം. ദിനേശ്മണി :
ഡോ. കെ. ടി. ജലീൽ :
ശ്രീ. വി. ശശികുമാർ :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യ നിർമ്മാർജ്ജനത്തിനും പരിസര ശുചീകരണത്തിനും പ്രാധാന്യം നൽകുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) പഞ്ചായത്തുകളുടെ ശുചിത്വ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്;

(സി) ഏത്ര ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും കേന്ദ്ര സർക്കാരിന്റെ നിർമ്മൽ പുരസ്ക്കാരങ്ങൾ നേടാൻ കഴിഞ്ഞിട്ടുണ്ട്;

(ഡി) പൊതു സ്ഥാപനങ്ങളിൽ ടോയ്ലെറ്റുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ഇ) പൊതു സ്ഥലങ്ങളിലും ജലസ്രോതസ്സുകളിലും മാലിന്യങ്ങൾ തള്ളുന്നത് തടയാൻ ശക്തമായ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മാലിന്യ നിർമ്മാർജ്ജനത്തിനും പരിസര ശുചീകരണത്തിനും പ്രാധാന്യം നൽകി ആവിഷ്ക്കരിച്ചിട്ടുള്ള പരിപാടിയാണ് മാലിന്യമുക്ത കേരളം കർമ്മ പരിപാടി. 2007-ലെ കേരളപ്പിറവി ദിനത്തിൽ ബഹു. രാഷ്ട്രപതി കേരളത്തിന് സമർപ്പിച്ച ഈ കർമ്മ പരിപാടി അന്നുമുതൽ നടപ്പിലാക്കിവരുന്നു. ആശയ വിനിമയ പ്രവർത്തനങ്ങളിലൂടെ പദ്ധതി ആരംഭിച്ച് പ്രശ്നങ്ങൾ കണ്ടെത്തി ശീലങ്ങളിൽ മാറ്റങ്ങൾ ഉണ്ടാക്കുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം നിലവിലുള്ള നിയമങ്ങൾ പരിഷ്കരിച്ച്, അവ ശക്തമായി പ്രയോഗിക്കുകയും ചെയ്യുന്ന പൊതു തന്ത്രമാണ് ഈ കർമ്മ പരിപാടിയിൽ ആവിഷ്ക്കരിച്ചിട്ടുള്ളത്. ശുചിത്വ മിഷന്റെ മേൽനോട്ടത്തിൽ മാലിന്യമുക്ത കേരളം കർമ്മ പരിപാടിയുടെ കീഴിൽ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. പ്രധാനപ്പെട്ടവ താഴെപ്പറയുന്നു:

1. പൊതു ടോയ്ലെറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനായി വഴിയോര ടോയ്ലെറ്റ് കേന്ദ്രങ്ങളും, സ്ത്രീകൾക്കുള്ള ശുചിത്വ സമുച്ചയങ്ങളും, സ്കൂളുകളിലും അംഗന്വാടികളിലും ടോയ്ലറ്റുകളും നിർമ്മിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നു.

2. ഖര-ദ്രവ മാലിന്യ മാനേജ്മെന്റിനുള്ള സാങ്കേതിക സാമ്പത്തിക സഹായം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി വരുന്നു.

3. പരിസര ശുചിത്വത്തിന് പ്രാധാന്യം നൽകികൊണ്ട് വിവിധ മാധ്യമങ്ങളിലൂടെ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നു.

4. ശുചിത്വനിലവാരം കൈവരിക്കുന്ന സ്കൂളുകളേയും ആശുപത്രികളേയും പൊതു സ്ഥാപനങ്ങളേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയും ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു.

ഇതിൽ ഇപ്പോൾ കൂടുതൽ ഊന്നൽ നടപ്പിലാക്കി വരുന്നത് ഖര മാലിന്യ പരിപാലന സംവിധാനമാണ് ഇതിന്റെ ഭാഗമായി 2000-മാണ്ടിലെ മുനിസിപ്പൽ ഖര മാലിന്യ (പരിപാലനവും കൈകാര്യം ചെയ്യലും) ചട്ടങ്ങൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന മുനിസിപ്പൽ ഖരമാലിന്യം ശാസ്ത്രീയമായ രീതിയിൽ കൈകാര്യം ചെയ്യുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്ന ഖരമാലിന്യ സംസ്കരണ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്.

1. സ്രോതസ്സിൽ തന്നെ തരംതിരിച്ചുള്ള ഖരമാലിന്യ സംഭരണം.
2. മാലിന്യങ്ങൾ തറയിൽ വീഴാതെയുള്ള ശേഖരണം.
3. കുറ്റമറ്റ ട്രാൻസ്പോർട്ടേഷൻ.
4. സംസ്കരണം.
5. ശരിയായ ബോധവൽക്കരണം.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്രകാരം നടപ്പിലാക്കുന്ന ഖരമാലിന്യ സംസ്കരണ പദ്ധതികളിൽ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിക്കുന്നതിന് വീടുകൾ, കടകൾ തുടങ്ങി പ്രധാന മാലിന്യ ഉൽപ്പാദകരായ എല്ലാ സ്ഥാപനങ്ങളിലും ആവശ്യമായ സംഭരണികളിൽ മാലിന്യം ഉണ്ടാകുന്ന സ്ഥലത്തുതന്നെ സ്ഥാപിച്ചുകൊണ്ട് വേർതിരിച്ചു ശേഖരിക്കുന്ന ജൈവ മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് വിൻഡ്രോ കമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റ്, ബയോഗ്യാസ് അടങ്ങിയ നിയമം അനുശാസിക്കുന്ന രീതിയിലുള്ള മാലിന്യ സംസ്കരണ രീതികൾ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. മാലിന്യ പ്രശ്നം രൂക്ഷമായ മാർക്കറ്റുകളിലും അറവുശാലകളിലും മറ്റുമുള്ള മാലിന്യങ്ങൾ അവിടെത്തന്നെ സംസ്കരണ സംവിധാനം സ്ഥാപിച്ച് ബയോഗ്യാസാക്കി മാറ്റുന്ന പദ്ധതികളും, ശുചിത്വ മിഷൻ വഴി നടപ്പിലാക്കുന്ന സമ്പൂർണ്ണഖര മാലിന്യ പദ്ധതിയിൽ ഉൾക്കൊള്ളിച്ചു വേണ്ട സഹായം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിവരുന്നു. ഇതിനു പുറമേ വീടുകളും ചെറുസ്ഥാപനങ്ങളും കേന്ദ്രീകരിച്ചുകൊണ്ടുള്ള ഒരു വാർഡിനെ മാലിന്യമുക്തമാക്കുന്നതിനുള്ള വികേന്ദ്രീകൃത ഖരമാലിന്യ സംസ്കരണ പദ്ധതികളും പ്രോത്സാഹിപ്പിച്ചു വരുന്നു.

(ബി) സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ സംയോജിത ഖര ദ്രവ മാലിന്യ പരിപാലനം ലക്ഷ്യമിട്ടുകൊണ്ട് 2006 ഒക്ടോബർ 2-ന് സംസ്ഥാന സർക്കാർ 'മാലിന്യമുക്ത കേരളം' എന്ന ക്യാമ്പെയിന് തുടക്കം കുറിച്ചിട്ടുണ്ട്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പൊതുജനപങ്കാളിത്തത്തോടുകൂടി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്.

1. പ്രത്യേക കർമ്മ സമിതികളുടെ രൂപീകരണം, പരിശീലനം.
2. ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിലുള്ള ഖര-ദ്രവ മാലിന്യ സർവ്വേ.
3. പഞ്ചായത്തുതല കൺവെൻഷൻ.
4. പഞ്ചായത്തുതല ശുചിത്വ സമിപന രേഖ.
5. പഞ്ചായത്തുതല കർമ്മ പരിപാടി.

പദ്ധതി നടപ്പിലാക്കുന്നതിന് താഴെപ്പറയുന്ന സാങ്കേതിക സാമ്പത്തിക സഹായം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കി വരുന്നു.

1. ജില്ലാ തലത്തിൽ സാങ്കേതിക സമിതികൾ.
2. ഖര ദ്രവ മാലിന്യ പരിപാലനം സംബന്ധിച്ച മാന്വൽ.
3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതിക സഹായം നൽകുന്നതിനായി ഈ മേഖലയിൽ പ്രാഗൽഭ്യം തെളിയിച്ച സർവ്വീസ് പ്രൊവൈഡർമാരെ നിശ്ചയിച്ച് വിജ്ഞാപനം ചെയ്യൽ.
4. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഖര മാലിന്യ പരിപാലനത്തിനായി സമർപ്പിക്കുന്ന സംയോജിത പദ്ധതിയുടെ 60%, തുകയോ അല്ലെങ്കിൽ പരമാവധി 7.50 ലക്ഷം രൂപയോ സാമ്പത്തിക സഹായമായി നൽകൽ.
5. പ്രശ്ന ബാധിത സ്ഥാപനങ്ങളിലേയ്ക്കായി പദ്ധതി സമർപ്പിക്കുന്ന പഞ്ചായത്തുകൾക്ക് പദ്ധതിയുടെ 75%, അല്ലെങ്കിൽ 4 ലക്ഷം രൂപ (ഏതാണോ കുറവ്) സബ്സിഡിയായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കൽ.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്ത് ആകെ 869 ഗ്രാമപഞ്ചായത്തുകളും 105 ബ്ലോക്ക് പഞ്ചായത്തുകളും 6 ജില്ലാ പഞ്ചായത്തുകളും 2009 വരെ നിർമ്മൽ ഗ്രാമ പുരസ്കാരത്തിന് അർഹരായിട്ടുണ്ട്.

(ഡി) മാലിന്യ മുക്ത കേരളം കർമ്മ പരിപാടിയുടെ ഭാഗമായി എല്ലാ ഓഫീസുകളും, പൊതുസ്ഥാപനങ്ങളും അവയുടെ പരിസരവും ശുചിയായി സൂക്ഷിക്കുന്നതിനുള്ള ആസൂത്രിത പ്രവർത്തനങ്ങൾ 2008 ജനുവരി 1 മുതൽ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. ഓരോ വകുപ്പും ഓഫീസ് ശുചിത്വത്തിന്റെ കർമ്മപരിപാടി തയ്യാറാക്കുന്നതിനും അത് പൂർത്തീകരിക്കുവാനും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്കും ഓഫീസ് സ്റ്റാഫിനും ആവശ്യമായ ടോയ്ലറ്റ് സൗകര്യങ്ങൾ പൊതു സ്ഥാപനങ്ങളിൽ ഉറപ്പുവരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രധാന ഓഫീസുകളിൽ സ്ത്രീ സൗഹൃദ ടോയ്ലെറ്റുകളും, വൈകല്യമുള്ളവർക്ക് വേണ്ടിയുള്ള ടോയ്ലെറ്റുകളും സ്ഥാപിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. നഗരസഭകളിലെ ഗവൺമെന്റ് സ്കൂളുകളിൽ സ്ത്രീ സൗഹൃദ ടോയ്ലെറ്റുകളും, ശിശു സൗഹൃദ ടോയ്ലെറ്റുകളും നിർമ്മിക്കുന്നതിനായി സാമ്പത്തിക സഹായം നൽകി വരുന്നു. കൊല്ലം, കോഴിക്കോട്, ആലപ്പുഴ, പെരിന്തൽമണ്ണ, തൃപ്പൂണിത്തുറ, ആറ്റിങ്ങൽ, മൂവാറ്റുപുഴ, കളമശ്ശേരി, മട്ടന്നൂർ, കുത്തുപ്പറമ്പ്, ഒറ്റപ്പാലം, അങ്കമാലി, കണ്ണൂർ, കൊയിലാണ്ടി, നോർത്ത് പറവൂർ, വടകര എന്നീ മുനിസിപ്പാലിറ്റികളിലായി 22 സ്കൂളുകൾക്ക് 31 സ്ത്രീ സൗഹൃദ ടോയ്ലെറ്റ് നിർമ്മിക്കുന്നതിനായി 27,500 രൂപ വീതം സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. നോർത്ത് പറവൂർ, വടകര, ആറ്റിങ്ങൽ, മൂവാറ്റുപുഴ, ആലുവ, കളമശ്ശേരി, പെരുമ്പാവൂർ, മട്ടന്നൂർ, കുത്തുപറമ്പ്, ഒറ്റപ്പാലം, കണ്ണൂർ, കൊയിലാണ്ടി എന്നീ നഗരസഭകളിലെ ഓരോ അംഗൻവാടികളിൽ ഒരു ശിശു സൗഹൃദ ടോയ്ലറ്റ് വീതം 12 ടോയ്ലെറ്റുകൾ നിർമ്മിക്കുന്നതിനായി 6000 രൂപ വീതം സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിലെ പൊതു സ്ഥലങ്ങളിൽ 888 കമ്മ്യൂണിറ്റി ടോയ്ലെറ്റ് കോംപ്ലക്സുകൾ സമ്പൂർണ്ണ ശുചിത്വ യജ്ഞം പരിപാടി വഴി പൂർത്തീകരിച്ചിട്ടുണ്ട്.

(ഇ) സ്വീകരിച്ചിട്ടുണ്ട്. മുനിസിപ്പൽ ആക്ടിലെ 340-ാം വകുപ്പും കേരള പഞ്ചായത്ത് രാജ് ആക്ടിലെ 219-ാം വകുപ്പും ഇതിനായി 2009-മാണ്ടിൽ ഭേദഗതി ചെയ്തിട്ടുണ്ട്. ഇപ്പറഞ്ഞ ഭേദഗതി പ്രകാരം പൊതു സ്ഥലങ്ങളിലും ജലസ്രോതസ്സുകളിലും മാലിന്യങ്ങൾ നിക്ഷേപിക്കുന്നവർക്കെതിരെയോ നിക്ഷേപിക്കുവാൻ കാരണമാകുന്നവർക്കെതിരെയോ പ്രോസിക്യൂഷൻ നടപടി എടുക്കുന്നതിന് സെക്രട്ടറിമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്. ജലാശയങ്ങളിലേക്ക് സെപ്റ്റേജ് (സെപ്റ്റിക് ടാങ്ക് മാലിന്യം) ഉൾപ്പെടെയുള്ള മാലിന്യം നിക്ഷേപിക്കുന്നു എങ്കിൽ 10,000-ത്തിൽ കുറയാതെയും 25000-ത്തിൽ കൂടാതെയുമുള്ള തുക പിഴ യായും 6 മാസം തടവും ഒരുമിച്ച് ശിക്ഷ നൽകുന്നതിന് മുകളിൽപ്പറഞ്ഞ വകുപ്പുകളിൽ വരുത്തിയ ഭേദഗതി വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ കുറ്റം ജാമ്യമില്ലാത്ത കുറ്റമായിട്ടാണ് പരിഗണിക്കപ്പെടുക. ശിക്ഷണ നടപടികളോടൊപ്പം മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്താനും പൊതുജന പങ്കാളിത്തം ഉറപ്പാക്കി നദികളും ജലാശയങ്ങളും മലിനപ്പെടുന്നത് തടയാനും നടപടി കൈക്കൊണ്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly